# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6422** — **03.04.2018 ലെ മറുപടി**

### കല്യാശ്ശേരി മണ്ഡലത്തിലെ പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന പ്രവൃത്തികൾ

**ചോദ്യം**

**ശ്രീ.റ്റി.വി.രാജേഷ് :**

**മറുപടി**

**മാത്യു ടി. തോമസ്**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) ഇപ്പോൾ നടപ്പിലാക്കി വരുന്ന പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതി വഴി എന്തൊക്കെ പ്രവൃത്തികളാണ് ജലവിഭവവകുപ്പ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്;

(എ) PMKSY പദ്ധതിയുടെ കർമ്മ പരിപാടികൾ 4 ശീർഷകങ്ങളിലായിട്ടാണ് നടപ്പാക്കുന്നത്.

1. AIBP (ആക്സിലറേറ്റഡ് ഇറിഗേഷൻ ബനിഫിറ്റ് പ്രോഗ്രാം)
2. ഹർ ഖേത് കോ പാനി
3. പെർ ഡ്രോ പ് മോർ ക്രോപ്പ്
4. വാട്ടർ ഷെഡ് ഡെവലപ്പ്മെന്റ്

മേൽ പറഞ്ഞവയിൽ ജലസേചന വകുപ്പിന്റെ പ്രവർത്തികൾ എ.ഐ.ബി.പി, ഹർ ഖേത് കോ പാനി എന്നീ ശീർഷകങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1. AIBP - നിലവിലുള്ള വൻകിട - ഇടത്തരം ജലസേചന പദ്ധതികളുടെ ദ്രുതഗതിയിലുള്ള പൂർത്തിയാക്കൽ ലക്ഷ്യമിട്ടിട്ടുള്ള പ്രവർത്തികൾ ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.
2. ഹർ ഖേത് കൊ പാനി - ഉപരിതല ചെറുകിട ജലസേചനം വഴി പുതിയ ജലസ്രോതസ്സുകൾ സൃഷ്ടിക്കുക, നിലവിലുള്ള ജലസ്രോതസ്സുകളുടെ കേടുപാടുകൾ തീർക്കൽ, പുതുക്കൽ, പുനരുദ്ധാരണം, പരമ്പാരാഗത ജല സ്രോതസ്സുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുക, മഴവെള്ള സംഭരണ സംവിധാനങ്ങളുടെ നിർമ്മാണം,

കമാന്റ് ഏരിയ വികസനം, പരമ്പരാഗത ജലസംഭരണ സമ്പ്രദായങ്ങളുടെ പുനരുജ്ജീവനം എന്നീ പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

| | |
|---|---|
| (ബി) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിൽ പി.എം.കെ.എസ്.വൈ പദ്ധതിയിൽ ഏതൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;<br>(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ബി)യും (സി)യും<br>ജില്ലാ ഇറിഗേഷൻ പദ്ധതിയിൽ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ 108.07 കോടി രൂപയുടെ 319 പദ്ധതികൾ ഉൾപ്പെടുത്തിയിരുന്നു. ഇതിൽ 100.50 ലക്ഷം രൂപയുടെ 4 പദ്ധതികൾക്ക് വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രവർത്തികൾക്കൊന്നും തന്നെ കേന്ദ്രത്തിന്റെ ഭരണാനുമതി ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**